# കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)

രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485
വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്
തിരുവനന്തപുരം –1

| | |
|---|---|
| പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
| കെ.പി.ധനപാലൻ Ex.MP | സിബിക്കുട്ടി ഫ്രാൻസിസ് |

തിരുവനന്തപുരം
13.03.2015

**നമ്പർ. 3/2015**

## സർക്കുലർ

സുഹൃത്തേ,

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (ഐ.എൻ.റ്റി.യു.സി) സംസ്ഥാന ഭാരവാഹികൾ, ജില്ലാ കമ്മിറ്റി വർക്കിംഗ് പ്രസിഡന്റ്/സെക്രട്ടറി, വർക്കിംഗ് കമ്മിറ്റി എക്സ് ഓഫിഷ്യോ, ഡിവിഷൻ കമ്മിറ്റി പ്രസിഡന്റ്/സെക്രട്ടറി, അംഗങ്ങൾ എന്നിവരടങ്ങുന്ന സ്റ്റേറ്റ് കൗൺസിൽ 24-03-2015 ചൊവ്വാഴ്ച രാവിലെ 10 ന് എറണാകുളം ശിക്ഷക്സദനിൽ (സൗത്ത് റയിവേ സ്റ്റേഷന് സമീപം) വച്ച് പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. സുപ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളേണ്ടതിനാൽ താങ്കൾ സമയനിഷ്ഠ വരുത്താതെ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2015 ഫെബ്രുവരി 26 -ാം തീയതി എറണാകുളം ശിക്ഷക്സദനിൽ കൂടിയ വർക്കിംഗ് കമ്മിറ്റി തീരുമാനങ്ങൾ

KPCC ഓഫീസിൽ ശ്രീ.തമ്പാനൂർ രവി ശ്രീ.ആർ.ചന്ദ്രശേഖരൻ, ശ്രീമതി. പത്മജാ വേണുഗോപാൽ, എന്നിവരോടൊപ്പം ആശയവിനിമയം നടത്തിയതായും ഇലക്ട്രിസിറ്റി ബോർഡിൽ INTUC ആഭിമുഖ്യമുള്ള ജീവനക്കാർ വരുന്ന റഫറണ്ടത്തിൽ ഒരുമിച്ച് നിൽക്കണമെന്ന് ധാരണയായതായും പ്രസിഡന്റ് ശ്രീ.കെ.പി.ധനപാലൻ വർക്കിംഗ് കമ്മിറ്റിയെ അറിയിച്ചു. തുടർന്ന് വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത 34 പേരും വളരെ ഗൗരവമായി ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്തു. അതിൽ 31 പേരും നിലവിലുള്ള സംവിധാനത്തിൽ കോൺഫെഡറേഷന്റെ പ്രവർത്തനങ്ങൾ മുൻപോട്ട് പോകണമെന്ന് നിർദ്ദേശിച്ചു. 2003 ലെ റഫറണ്ടത്തിന് തൊട്ടുമുമ്പ് ലയന നിർദ്ദേശം കെ.പി.സി.സി യും ഐ.എൻ.റ്റി.യു.സി യും നൽകിയെങ്കിലും ആ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞവരാണ് ഇപ്പോൾ വീണ്ടും യോജിപ്പിന് ആവശ്യപ്പെടുന്നതെന്നും വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ പറഞ്ഞു. എങ്കിലും വൈദ്യുതി ബോർഡിലെ ജനാധിപത്യ വിശ്വാസികളായ ജീവനക്കാരുടെ വോട്ടുകൾ ഭിന്നിക്കേണ്ട എന്ന അഭിപ്രായത്തിന് മുൻതൂക്കം നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

1. കഴിഞ്ഞ 13 വർഷമായി ചിട്ടയായ പ്രവർത്തനത്തിലൂടെ ശക്തമായ 72 ഡിവിഷൻ കമ്മിറ്റികളും 14 ജില്ലാ കമ്മിറ്റികളും സംസ്ഥാന കമ്മിറ്റിയും ഉള്ള ഈ സംഘടനയോടൊപ്പം അണിചേരാൻ താത്പര്യമുള്ളവരെ കൂടെ നിർത്തുവാനും, ഇത് ഏതെങ്കിലും വിധത്തിലുള്ള വിലപേശലിന് ഇപ്പോഴും ഭാവിയിലും അനുവദിക്കരുതെന്നും തീരുമാനിച്ചു.
2. യോജിപ്പിന്റെ ഭാഗമായി ഡിവിഷൻ, ജില്ലാ തലങ്ങളിൽ പുതുതായി വരുന്നവർക്ക് ആ മേഖലയിലെ അർഹമായ ഭാരവാഹിത്വം കൊടുക്കണമെന്നും തീരുമാനിച്ചു.
3. 7000 ത്തിലധികം അംഗങ്ങളും 1500 ൽ അധികം അനുഭാവികളുമുള്ള ഈ സംഘടനയ്ക്ക് സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, തുടങ്ങിയ പ്രധാന സ്ഥാനങ്ങൾ

നിലനിർത്തണമെന്നും മറ്റ് ഭാരവാഹിത്വങ്ങളിൽ 200 അംഗങ്ങൾക്ക് ഒരു ഭാരവാഹി എന്ന അനുപാതത്തിൽ അംഗീകാരം നൽകണമെന്നും തീരുമാനിച്ചു.

4. യോജിപ്പിനായി മുന്നോട്ട് വന്നിട്ടുള്ള ഘടകങ്ങൾ അവരവരുടെ മെമ്പർഷിപ്പ് വിവരങ്ങൾ നിലവിലെ സാമ്പത്തിക സ്ഥിതി (പാസ്സ്ബുക്ക് ഉൾപ്പടെ) തുടങ്ങിയവ പരസ്പരം ബോധ്യപ്പെട്ടതിനുശേഷം മാത്രമേ യോജിപ്പിന്റെ നീക്കം തുടങ്ങാവൂ എന്നും സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് സംഘടയിൽ പുതിയതായി ഭാരവാഹിത്വം നൽകരുതെന്നും തീരുമാനിച്ചു.
5. 2003 ലെ റഫറണ്ടത്തിൽ UDF അനുഭാവികളായ എല്ലാ ജീവനക്കാരുടേയും വോട്ടുകൾ സമാഹരിക്കുന്നതിന്റെ ഭാഗമായി UDEEF എന്ന മുന്നണി സംവിധാനത്തിലാണ് മത്സരിച്ചത്. അതുപോലെ ഒരു മുന്നണി സംവിധാനം ഇപ്പോഴത്തെ റഫറണ്ടത്തിലും ഉണ്ടാകുന്നത് മെച്ചപ്പെട്ട പ്രകടനം നടത്താൻ സഹായകരമാകുമെന്നും നിർദ്ദേശിച്ചു.
6. സംഘടനയെ പ്രതിനിനീകരിച്ച് ചർച്ചകളിൽ പങ്കെടക്കുന്നത് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരും ഇവർ ചുമതലപ്പെടുത്തിയവരും ആയിരിക്കണം. ഇവരുടെ അനുമതിയില്ലാതെ ആരെങ്കിലും പങ്കെടുത്താൽ അച്ചടക്കലംഘനമായി കാണണമെന്നും തീരുമാനിച്ചു.
7. ഒരു സ്ഥാപനത്തിൽ INTUC യുടെ പേരിൽ പല വിഭാഗങ്ങളുണ്ടെങ്കിൽ സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള വിഭാഗത്തിൽ മറ്റുള്ളവർ വന്നുചേരണമെന്നുള്ള INTUC സംസ്ഥാന നേതൃത്വത്തിന്റെ തീരുമാനം ഇവിടെയും നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുവാനും യോഗം തീരുമാനിച്ചു.

28.2.2015 ൽ കെ.പി.സി.സി യിൽ വച്ച് നടന്ന ചർച്ചയിൽ പ്രസിഡന്റ് കെ.പി.ധനപാലൻ നമ്മുടെ നിലപാടുകൾ അറിയിച്ചു.

**ഐഡന്റിറ്റി കാർഡ് ഫോർമാറ്റ്**

ഇതിനോടകം അയച്ചു തന്നിട്ടുള്ള ഐഡന്റിറ്റി കാർഡ് ഫോർമാറ്റ് സെക്ഷൻ ഓഫീസുകളിൽ ചെന്ന് നേരിട്ട് പരിശോധിച്ച് തിരിച്ചയക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതുവരെയും തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത ഫോർമാറ്റ് സ്റ്റേറ്റ് കൗൺസിലിന് വരുമ്പോൾ തിരികെ കൊണ്ടുവരുവാൻ മറക്കരുത്. ഏകദേശം 1500 ൽപരം ഫോട്ടോ പതിച്ച ഫോമുകൾ മെമ്പർഷിപ്പ് ലിസ്റ്റ് പ്രകാരം കേന്ദ്രക്കമ്മിറ്റി ഓഫീസിൽ ഇനിയും ലഭിക്കുവാനുണ്ട്. അയയ്ക്കാത്ത ഡിവിഷൻ കമ്മിറ്റികൾ അത് ഉടൻ എത്തിക്കണം

**വർക്കർ - കാഷ്യർ നിയമനം**

വിവിധ ജില്ലകളിലായി (TVM-51, KLM-5, PTA-2, ALP-7, TCR-40, PKD-27, KNR-8, KGD-29) 169 വർക്കേഴ്സിനേയും 159 കാഷ്യർമാരേയും നിയമിക്കുവാനുള്ള നടപടികൾ സ്വീകരിച്ചത് കോൺഫെഡറേഷന്റെ ഇടപെടൽമൂലമാണ്.

**ഭാരവാഹികളുടെ ലിസ്റ്റ്**

ജില്ലാ/ഡിവിഷൻ ഭാരവാഹികളുടെ പേര് (വൈസ് പ്രസിഡന്റ്, ട്രഷറർ, ജോയിന്റ് സെക്രട്ടറി, ഓർഗനൈസിംഗ് സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ etc ) കേന്ദ്രക്കമ്മിറ്റി ഓഫീസിൽ ഇനിയും എത്തിക്കാത്ത ജില്ലാ/ഡിവിഷൻ കമ്മിറ്റികൾ അത് ഉടൻ എത്തിക്കണം (E-mail മുഖേനയോ അല്ലെങ്കിൽ Website ൽ "Contact us" ലൂടെയോ ചേർക്കണം)

സ്നേഹാദരങ്ങളോടെ,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി